**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3361** **04-08-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ എതെങ്കിലും തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടോ എന്നറിയിക്കാമോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളാണെന്നും അവ നികത്താൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ? | (ബി) | വകുപ്പ് തസ്തിക ഒഴിവുകളുടെ എണ്ണം പഞ്ചായത്ത് ക്ലാർക്ക് 12 ഓഫീസ് അറ്റൻഡന്റ് 12 ഡ്രൈവർ 1 ഗ്രാമവികസനം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-2 8 ക്ലാർക്ക് 2 ഓഫീസ് അറ്റൻഡന്റ് 1 നഗരകാര്യം എൽഡി ക്ലാർക്ക്/ബിൽ കളക്ടർ 1 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് 1 നഗര ഗ്രാമാസൂത്രണം രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻ/ ടൗൺപ്ലാനിംഗ് സർവേയർ 2 ട്രേസർ 1 എഞ്ചിനീയറിംഗ് വിഭാഗം ക്ലാർക്ക് 1 അസിസ്റ്റന്റ് എഞ്ചിനീയർ 11 ഒന്നാംതരം ഓവർസീയർ 3 രണ്ടാതരം ഓവർസീയർ 5 പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിലെ 12 ഒഴിവുകളിൽ 10 എണ്ണവും, ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 12 ഒഴിവുകളിൽ 10 എണ്ണവും, ഡ്രൈവർ തസ്തികയിലെ 1 ഒഴിവും (SC-NCA) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്ലാർക്ക് തസ്തികയിലെ 1 ഒഴിവും ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 2 ഒഴിവുകളും ആശ്രിത നിയമനത്തിനായി മാറ്റിവച്ചിട്ടുണ്ട്. ക്ലാർക്ക് തസ്തികയിലെ ഒരു ഒഴിവിൽ താഴ്ന്ന തസ്തികയിലുള്ള ജീവനക്കാരന് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഗ്രാമവികസന വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഗരകാര്യ വകുപ്പിൽ എൽഡി ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിലെ 1 ഒഴിവും, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലെ 1 ഒഴിവും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഗരഗ്രാമാസൂത്രണ വകുപ്പിൽ രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻ/ ടൗൺപ്ലാനിംഗ് സർവേയർ തസ്തികയിലെ ഒഴിവുകളും , ട്രേസർ |

| | | | |
|---|---|---|---|
| | | | തസ്തികയിലെ ഒഴിവും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻ/ ടൗൺപ്ലാനിംഗ് സർവേയർ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ പി.എസ്.സി.യുടെ Non-availability Certificate പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവുകൾ താല്ക്കാലികമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഒന്നാംതരം ഓവർസീയർ, രണ്ടാംതരം ഓവർസീയർ, ക്ലാർക്ക് എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒന്നാംതരം ഓവർസീയർ, രണ്ടാംതരം ഓവർസീയർ തസ്തികകളിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലിക നിയമനം നടത്തുന്നതിന് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സർക്കുലർ മുഖേന നിർദ്ദേശം നൽകിയിട്ടുള്ളതായി ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ